പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.337

06.01.2014 ൽ
മറുപടിയ്ക്ക്

## യുവജന നയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.സി. വിഷ്ണുനാഥ്:<br>ശ്രീ. അൻവർ സാദത്ത് :<br>ശ്രീ. ഹൈബി ഈഡൻ:<br>ശ്രീ. ഷാഫി പറമ്പിൽ: | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) യുവജനനയത്തിൽ വിഭാവനം ചെയ്തിട്ടുള്ള ലക്ഷ്യങ്ങൾ യാഥാർത്ഥ്യമാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ; | (എ) ഉണ്ട്. യുവജനനയത്തിൽ വിഭാവനം ചെയ്തിട്ടുള്ള ലക്ഷ്യങ്ങൾ യാഥാർത്ഥ്യമാക്കുന്നതിന് താഴെ പ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.<br>1. സംരംഭകത്വവികസന പരിപാടി<br>2.ജീവദായിനി<br>3.പുനർജനി<br>4.കാർഷികയുവത്വം<br>5. PSC/IBPS സൌജന്യപരീക്ഷാ പരിശീലനപദ്ധതി<br>6.DTP/PSC ഓൺലൈൻ പരിശീലനം<br>7. ദേശീയോദ്ഗ്രഥന ക്യാമ്പ്<br>8.ജോബ്ഫെസ്റ്റ്<br>9.സാഹിത്യക്യാമ്പ്<br>10.യുവമാധ്യമ പ്രവർത്തക ക്യാമ്പ്<br>11.ചലച്ചിത്ര ക്യാമ്പ്<br>12.സാഹസിക പരിശീലന പരിപാടികൾ<br>13.വനിതാശില്പശാല<br>14.നാടക പരിശീലന കളരി<br>15. നാടൻ കലാമേള<br>16.ലഹരി വിരുദ്ധ ബോധവൽക്കരണ കലാജാഥ<br>17.ഗോത്രവർഗ്ഗ കലാമേള<br>18.പെയിന്റിംഗ് ശില്പശാല<br>19.യൂത്ത് ലീഡർഷിപ്പ് ക്യാമ്പ്<br>20.ക്യാമ്പസ് ലീഡേഴ്സ് ക്യാമ്പ്<br>21. വ്യക്തിത്വ വികസന പരിശീലന ക്യാമ്പ് |
| (ബി) പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം കേന്ദ്രസഹായമാണ് ലഭിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) കേന്ദ്രസഹായം ഒന്നും തന്നെ ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| സി) | ആരെയെല്ലാമാണ് പദ്ധതിയു മായി സഹകരിപ്പിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | (സി) | സംസ്ഥാനത്തെ യുവജന ക്ലബ്ബുകൾ, കോളേജുകളിലെ എൻ.എസ്.എസ്, എൻ.സി.സി യൂണിറ്റുകൾ, വിവിധ സർക്കാർ വകുപ്പുകൾ, എക്സൈസ്, കൃഷി, ആരോഗ്യം, വ്യവസായം, വിദ്യാഭ്യാസം, തൊഴിൽ, പുനരധിവാസം, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, സി-ഡിറ്റ് തുടങ്ങിയവയെയാണ് വിവിധ പദ്ധതികളുമായി സഹകരിപ്പിക്കുന്നത്. |
| ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ? | ഡി) | യുവജനക്ഷേമ ബോർഡ് സംഘടിപ്പിക്കുന്ന പരിപാടികളിൽ കോളേജുകളിലെ എൻ. എസ്.എസ്, എൻ.സി.സി യൂണിറ്റുകളെ പങ്കെടുപ്പിക്കുന്നുണ്ട്. കൂടാതെ യുവജനക്ഷേമ ബോർഡിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന യുവജന ക്ലബ്ബുകൾക്കായി കാർഷിക / ബോധവൽക്കരണ / സ്വയംതൊഴിൽ മേഖലയിൽ സാമ്പത്തിക സഹായം നൽകി വരുന്നു. കേരള സംസ്ഥാന എക്സൈസ് വകുപ്പുമായി ചേർന്ന് ലഹരി വിരുദ്ധ ബോധവൽക്കരണ കലാജാഥകൾ, കൃഷി, വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് കാർഷിക സാക്ഷരത, വ്യവസായ വകുപ്പുമായി ചേർന്ന് സംരംഭകത്വവികസന പരിശീലന പരിപാടി, തൊഴിൽ - പുനരധിവാസവകുപ്പുമായി ചേർന്ന് PSC/IBPS സൌജന്യ പരീക്ഷാ പരിശീലനം, സി-ഡിറ്റുമായി ചേർന്ന് പി.എസ്.സി ഓൺലൈൻ രജിസ്ട്രേഷൻ പരിശീലനം തുടങ്ങിയവ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ